2026
NOVEMBER
28
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# ഇന്ത്യയിൽ സംരംഭക വിപ്ലവം; എംഎസ്എംഇ രജിസ്ട്രേഷനുകൾ പത്ത് കോടി പിന്നിട്ടു

**മുംബൈ:** ഇന്ത്യയുടെ ചെറുകിട വ്യവസായ മേഖലയിൽ പുതിയ ചരിത്രനേട്ടം. രാജ്യത്തെ ഉദ്യം രജിസ്ട്രേഷൻ പോർട്ടലിലും ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോമിലുമായി രജിസ്ട്രേഷനുകളുടെ എണ്ണം 10 കോടി പിന്നിട്ടു.

ഒക്ടോബർ 30നാണ് രാജ്യം ഈ നാഴികക്കല്ല് പിന്നിട്ടതെന്ന് എംഎസ്എംഇ മന്ത്രാലയം അറിയിച്ചു. 2020ൽ വെറും 1.02 കോടിയായിരുന്ന രജിസ്ട്രേഷനുകളാണ് ആറ് വർഷത്തിനിടെ പത്തിരട്ടിയോളം വർധിച്ച് 10 കോടിയിലെത്തിയത്.

കടലാസ് ഫയലുകളിൽ നിന്ന് ഡിജിറ്റലിലേക്കുള്ള മാറ്റമാണ് ഈ കുതിപ്പിന് പിന്നിൽ. 2020 ജൂലൈ ഒന്നിനാണ് ലളിതവും സുതാര്യവും പൂർണമായും കടലാസ് രഹിതവുമായ ഉദ്യം രജിസ്ട്രേഷൻ പോർട്ടൽ ആരംഭിച്ചത്.

ആധാർ, പാൻ വിവരങ്ങൾ ജിഎസ്ടി, ആദായനികുതി ഡാറ്റാബേസുകളുമായി ബന്ധിപ്പിച്ചതോടെ രേഖകൾ ആവർത്തിച്ച് നൽകേണ്ടതില്ലാതായി. രജിസ്ട്രേഷൻ പൂർണമായും സൗജന്യമാണ് എന്നതും സംരംഭകരെ ആകർഷിച്ചു. അനൗപചാരിക മേഖലയിലെ സൂക്ഷ്മ സംരംഭങ്ങളെ കൂടി ഔപചാരിക സമ്പദ്വ്യവസ്ഥയിലേക്ക് എത്തിക്കാൻ 2023ൽ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോമും തുടങ്ങി.

ഈ രജിസ്ട്രേഷൻ സംരംഭകർക്ക് വെറുമൊരു സർട്ടിഫിക്കറ്റല്ല. സ്ഥാപനപരമായ വായ്പകളിലേക്കും സർക്കാർ പദ്ധതികളിലേക്കുമുള്ള വാതിലാണ് ഇത് തുറക്കുന്നത്. ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി, മുൻഗണനാ മേഖലാ വായ്പ, Prime Minister's Employment Generation Programme തുടങ്ങിയവയുടെ പ്രയോജനം നേടാൻ രജിസ്ട്രേഷൻ സഹായിക്കുന്നു.

ചെറുകിട സംരംഭങ്ങൾക്ക് ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എളുപ്പത്തിൽ വായ്പ ലഭിക്കാനും ഇതിലൂടെ സാധിക്കുന്നു. ഈ വളർച്ചയിൽ ഏറ്റവും ശ്രദ്ധേയമായത് വനിതാ സംരംഭകരുടെ കുതിപ്പാണ്. ആകെ രജിസ്ട്രേഷനുകളിൽ 3.76 കോടി വനിതകൾ നയിക്കുന്ന സംരംഭങ്ങളാണ്. അതായത് മൊത്തം രജിസ്ട്രേഷന്റെ 37.8 ശതമാനവും വനിതാ സംരംഭങ്ങളുടേതാണ്.

രാജ്യത്തെ ചെറുകിട സംരംഭകത്വത്തിന്റെ വളർച്ചയ്ക്കൊപ്പം സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തവും ശക്തിപ്പെടുന്നുവെന്നതിന്റെ വലിയ തെളിവാണ് ഈ കണക്കുകൾ.



## നിർമ്മാണ ഉപകരണങ്ങൾ ഇന്ത്യയിൽ തന്നെ നിർമ്മിക്കാൻ 11,000 കോടിയുടെ പദ്ധതി

**ന്യൂദൽഹി:** ചൈനയുടെ കയറ്റുമതി നിയന്ത്രണത്തിന് ഇന്ത്യയുടെ കിടിലൻ മറുപടി. ടണൽ ബോറിംഗ് മെഷീനുകളും ക്രെയിനുകളും ഉൾപ്പെടെയുള്ള നിർമ്മാണ ഉപകരണങ്ങൾ ഇനി ഇന്ത്യയിൽ തന്നെ നിർമ്മിക്കും.

ഇതിനായി 11,000 കോടി രൂപയുടെ പദ്ധതിക്ക് ബുധനാഴ്ച കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ടിബിഎം, ഹൈഡ്രോളിക് എക്സ്കവേറ്റർ, ഷിപ്പ്ടുഷോർ ക്രെയിൻ തുടങ്ങിയ അത്യാധുനിക യന്ത്രങ്ങളുടെ ആഭ്യന്തര ഉൽപ്പാദനമാണ് ലക്ഷ്യം.

ചൈന നവംബർ 18 മുതൽ ടിബിഎമ്മുകൾക്ക് കയറ്റുമതി ലൈസൻസ് നിർബന്ധമാക്കിയതോടെയാണ് ഇന്ത്യയുടെ നീക്കം വേഗത്തിലായത്. മുംബൈഅഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പോലുള്ള വൻ പദ്ധതികൾക്ക് ഈ യന്ത്രങ്ങൾ അത്യാവശ്യമാണ്. 'അവർ ഞങ്ങൾക്ക് ടിബിഎം തന്നില്ലെങ്കിൽ, ഞങ്ങൾ അത് ഇന്ത്യയിൽ വികസിപ്പിക്കും.

ഇന്ത്യ വഴങ്ങുന്ന ഒരാളല്ല,' എന്ന് വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ തുറന്നടിച്ചു. 'ഇന്ത്യ നിർമ്മാണ ഉപകരണ നിർമ്മാണത്തിനുള്ള ആഗോള കേന്ദ്രമായി മാറും' എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും വ്യക്തമാക്കി.

2026-27 മുതൽ 8 വർഷത്തേക്കാണ് പദ്ധതി. ആദ്യത്തെ 2 വർഷം ഫാക്ടറി സ്ഥാപിക്കാനാണ്. പിന്നീട് 5 വർഷം കമ്പനികൾക്ക് വർദ്ധിച്ച വിൽപ്പനയുടെ 8% മുതൽ 13% വരെ ഇൻസെന്റീവ് ലഭിക്കും. പരീക്ഷണ സൗകര്യം സ്ഥാപിക്കാൻ 375 കോടി രൂപ വരെ ഗ്രാന്റും നൽകും.

നിലവിൽ 97,500 കോടി രൂപയാണ് ഇന്ത്യയിലെ നിർമ്മാണ ഉപകരണങ്ങളുടെ വിപണി. 2030 ആകുമ്പോഴേക്കും ഇത് 2.28 ലക്ഷം കോടിയായി വളരുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ലോകത്ത് ചൈനയ്ക്കും അമേരിക്കയ്ക്കും പിന്നിൽ മൂന്നാമതാണ് ഇന്ത്യ.

സ്വന്തം ടിബിഎം വികസിപ്പിക്കാൻ സർക്കാർ കമ്പനിയായ ബിഇഎംഎൽ തന്നെ രംഗത്തിറങ്ങി. 3.5 മീറ്റർ മുതൽ 6.5 മീറ്റർ വരെ വ്യാസമുള്ള മെഷീനുകളാണ് ആദ്യം നിർമ്മിക്കുക.

സാങ്കേതികവിദ്യയും പേറ്റന്റും പൂർണ്ണമായും ഇന്ത്യയുടേതായിരിക്കുമെന്ന് ബിഇഎംഎൽ വ്യക്തമാക്കി. അതിനിടെ ജർമ്മൻ കമ്പനിയായ ഹെറൻക്നെക്റ്റ് ചെന്നൈയിൽ പുതിയ പ്ലാന്റ് തുടങ്ങുന്നതും ഇന്ത്യക്ക് ഗുണമാകും. ഇനി ടിബിഎമ്മിന് ചൈനയെ ആശ്രയിക്കേണ്ടി വരില്ലെന്നാണ് സർക്കാരിന്റെ ഉറപ്പ്.




# സിംഗൂരിലേക്ക് വൻ നിക്ഷേപവുമായി അശോക് ലെയ്ലാൻഡ്

**കൊൽക്കത്ത:** നവംബർ 21ന് വാണിജ്യ വാഹന നിർമാതാക്കളായ അശോക് ലെയ്ലാൻഡ് പശ്ചിമ ബംഗാളിലെ സിംഗൂരിൽ നിർമാണ പ്ലാന്റ് സ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി സുകാന്ത മജുംദാർ പ്രഖ്യാപിച്ചു.

തൊട്ടടുത്ത ദിവസം, വ്യക്തമായ കാരണം വെളിപ്പെടുത്താതെ തന്നെ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സിംഗൂരിൽ 997 ഏക്കർ ഭൂമി ഏറ്റെടുക്കുകയാണെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി സുവേന്ദു അധികാരിയും അറിയിച്ചു.

വൻകിട വ്യവസായങ്ങളോട് മുഖംതിരിഞ്ഞുനിൽക്കുന്ന സംസ്ഥാനമെന്ന പേരുദോഷമുള്ള ബംഗാളിന് പുതിയൊരു ഫാക്ടറി വരുന്നത് വലിയ കാര്യമാണെങ്കിലും, ഇതിൽ മറ്റൊരു സുപ്രധാന പ്രഖ്യാപനമാണ്.

2006ൽ തൃണമൂൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന കർഷക പ്രക്ഷോഭത്തെത്തുടർന്ന് ടാറ്റ മോട്ടോഴ്സിന്റെ 'നാനോ' കാർ പദ്ധതി ഉപേക്ഷിക്കേണ്ടിവന്ന മുൻ ഇടതുമുന്നണി സർക്കാർ ഏറ്റെടുക്കാൻ ശ്രമിച്ച അതേ 997 ഏക്കർ ഭൂമിയാണിത്.

ബംഗാളിൽ പുതിയ വാഹന നിർമാണ പ്ലാന്റ് കൊണ്ടുവരാനുള്ള പദ്ധതികളിലൂടെ ഈ പേരുദോഷം മാറ്റിയെടുക്കാനാണ് സുവേന്ദു അധികാരിയുടെ നേതൃത്വത്തിലുള്ള നിലവിലെ ബി.ജെ.പി സർക്കാർ ശ്രമിക്കുന്നത്.

വ്യവസായനിക്ഷേപ നയം ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. അശോക് ലെയ്ലാൻഡ് സിംഗൂരിൽ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിനൊപ്പം നിരവധി രാസ വ്യവസായ കമ്പനികളും താൽപ്പര്യം അറിയിച്ചിട്ടുണ്ട്. ഇവയെല്ലാം എല്ലാം പ്രാരംഭ ഘട്ടത്തിൽ മാത്രമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഇന്ത്യൻ ഭരണഘടന സമാനതകളില്ലാത്തത്: മുഖ്യമന്ത്രി വി.ഡി. സതീശൻ

**തിരുവനന്തപുരം:** ഇന്ത്യയെ പോലെ വൈവിധ്യമാർന്ന ഒരു ജനാധിപത്യരാജ്യം അഭിമുഖീകരിക്കാവുന്ന എല്ലാ പ്രശ്നങ്ങളെയും വിഷയങ്ങളെയും മുൻകൂട്ടിക്കണ്ട് അവയെ അഭിസംബോധന ചെയ്ത സമാനതകളില്ലാത്ത ഭരണഘടനയാണ് നമ്മുടേതെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. കേരള സർവകലാശാലയിലെ ബി.ആർ. അംബേദ്കർ ചെയർ സെനറ്റ് ചേംബറിൽ സംഘടിപ്പിച്ച ഭരണഘടനാദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമാനതകളില്ലാത്ത സ്വാതന്ത്ര്യസമരത്തിന്റെ ബാക്കിപത്രമാണെന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ പൈതൃകം. കേവലം രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരമായിരുന്നില്ല ഇന്ത്യൻ സ്വാതന്ത്ര്യസമരം, കാലങ്ങളായി നീതി നിഷേധിക്കപ്പെട്ടവരുടെ സാമൂഹിക നീതിക്ക് വേണ്ടിയുള്ള സമരമായിരുന്നു അത്. ഈ അടിത്തറയിൽ നിന്നാണ് ഭരണഘടന കെട്ടിപ്പടുത്തത്. വായിക്കുന്തോറും അത്ഭുതപ്പെടുത്തുന്ന ഒന്നാണ് ഇന്ത്യൻ ഭരണഘടന. വലിയ ആശയങ്ങളുടെ പിൻബലത്തിലും എല്ലാ രാജ്യങ്ങളുടെയും ഭരണഘടന ചർച്ച ചെയ്തുമാണ് ഓരോ അനുച്ഛേദവും ഉണ്ടാക്കിയെടുത്തത്. ഭരണഘടനാ നിർമാണ സഭയിൽ നടന്ന ചർച്ചകളെക്കുറിച്ച് വായിക്കുമ്പോൾ ഓരോ അനുച്ഛേദത്തിന്റെയും പിന്നിലുള്ള ഉദ്ദേശ്യലക്ഷ്യം വ്യക്തമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നെഹ്റുവിന്റെയും ഗാന്ധിജിയുടെയും നിതാന്ത വിമർശകനായിരുന്ന അംബേദ്കറെയാണ് നെഹ്റു ആദ്യ മന്ത്രിസഭയിൽ നിയമമന്ത്രിയായി തെരഞ്ഞെടുത്തത്. എല്ലാവരെയും ഉൾച്ചേർക്കുന്ന ഈ വിശാല സങ്കൽപ്പം ഭരണഘടനാ നിർമാണത്തിലും പ്രതിഫലിച്ചുവെന്നും അതാണ് നമ്മുടെ ഭരണഘടനയുടെ മൂല്യം വർധിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചിന്തിക്കാനുള്ള അവകാശമാണ് ഇപ്പോൾ ചർച്ചാവിഷയം. നമ്മൾ എന്ത് ചിന്തിക്കണമെന്ന് ആധുനിക സാങ്കേതിക വിദ്യ നിർദേശിക്കുന്ന ഈ കാലഘട്ടത്തിൽ സ്വതന്ത്രമായി ചിന്തിക്കാനുള്ള ശേഷി നിലനിർത്തുന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയെന്നും അദ്ദേഹം പറഞ്ഞു.

കേരള സർവകലാശാല വൈസ് ചാൻലസർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ അധ്യക്ഷനായിരുന്നു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ ശേഷാദ്രിനാഥൻ എൻ, ബാർ കൗൺസിൽ ഓഫ് കേരള ചെയർമാൻ അഡ്വ. വള്ളക്കടവ് ജി മുരളീധരൻ, സർവകലാശാലാ നിയമ വകുപ്പ് മേധാവി സിന്ധു തുളസീധരൻ തുടങ്ങിയവർ പങ്കെടുത്തു.

# ഭരണഘടനാ ചട്ടക്കൂട് ചിന്തകളിൽ വേണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ എല്ലാവരും എന്ത് തീരുമാനമെടുക്കുമ്പോഴും സംസാരിക്കുമ്പോഴും മനസ്സിൽ ഒരു 'ഭരണഘടനാ ചട്ടക്കൂട് ' ഉണ്ടാകണമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഈ ഒരു ഫ്രെയിമിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ നീതിനിഷേധമുണ്ടാകില്ല. സാമൂഹികനീതി ഉറപ്പുവരുത്താനും എല്ലാവരെയും ഉൾച്ചേർക്കാനും രാജ്യത്തിന്റെ സവിശേഷതകളെയും പ്രത്യേകതകളെയും ബോധ്യപ്പെടാനും സാധിക്കും. ഭരണഘടനാ മൂല്യങ്ങളും സവിശേഷതകളും എല്ലാ പൗരന്മാർക്കും മനസിലാക്കാനുള്ള അവസരം കൂടി പാഠ്യപദ്ധതികളിൽ ഉണ്ടാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നിയമവകുപ്പ് സംഘടിപ്പിച്ച ഭരണഘടനാ ദിനാഘോഷത്തിന്റെ ഉദ്ഘാടനവും അഖിലകേരള ഭരണഘടനാ പ്രസംഗമത്സരമായ 'വാഗ്മി2026' വിജയികൾക്കുള്ള സമ്മാനദാനവും സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ ഭരണഘടനാമൂല്യത്തിൽ സാമൂഹികനീതി ഉൾക്കൊള്ളുന്നു. സ്വതന്ത്രവും നീതിപൂർവവുമായ തെരഞ്ഞെടുപ്പാണ് ജനാധിപത്യ ഭരണക്രമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഭരണഘടനാ ധാർമികതയും മൂല്യങ്ങളും സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. ഇതുവരെ വായിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ഇഷ്ടപ്പെട്ട ഗ്രന്ഥം ഇന്ത്യൻ ഭരണഘടനയാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഭരണഘടനാ ദിനാഘോഷത്തിന്റെ തുടക്കമായി മുഖ്യമന്ത്രി ഭരണഘടനയുടെ ആമുഖം വായിച്ചു നല്കി.

സംസ്ഥാനത്തെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ എയ്ഡഡ് കോളജുകളിലെയും വിദ്യാർഥികൾക്കായി സംഘടിപ്പിച്ച 'വാഗ്മി 2026' മത്സരത്തിൽ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ് കോളജിലെ ആൻസി വി.എ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കേരള യൂണിവേഴ്സിറ്റി കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിലെ സ്നേഹ എസ്. രണ്ടാം സ്ഥാനവും മാനന്തവാടി കണ്ണൂർ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്ററിലെ അഞ്ജലി കൃഷ്ണ മൂന്നാം സ്ഥാനവും നേടി. ജേതാക്കൾക്ക് യഥാക്രമം 25,000, 15,000, 10,000 രൂപ വീതവും ട്രോഫിയും സർട്ടിഫിക്കറ്റും ഭരണഘടനാ ഡിബേറ്റിന്റെ ഒന്നും രണ്ടും വാല്യങ്ങളും സമ്മാനമായി ലഭിച്ചു. മുഖ്യമന്ത്രി വി.ഡി സതീശൻ ജേതാക്കൾക്ക് സമ്മാനങ്ങൾ നല്കി. ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ രാജ്യസഭ എം.പി ഹാരിസ് ബീരാന് ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മിഷൻ പ്രസിദ്ധപ്പെടുത്തിയ ഭരണഘടനയുടെ ദ്വിഭാഷാ പതിപ്പ് മുഖ്യമന്ത്രി സമ്മാനിച്ചു. നിയമ സെക്രട്ടറി പി.എൻ വിനോദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സ്പെഷ്യൽ സെക്രട്ടറി ജി.എസ്. ആശ, അഡീഷണൽ നിയമ സെക്രട്ടറിമാരായ സുരേഷ്കുമാർ എസ്, പത്മ വി എന്നിവർ പങ്കെടുത്തു.



# ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയിൽ കേരളത്തിന് വെള്ളി മെഡൽ

**ന്യൂദൽഹി:** ഭാരത് മണ്ഡപത്തിൽ നടന്നുവരുന്ന നാല്പത്തിയഞ്ചാമത് ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയിൽ കേരളത്തിന് വെള്ളി മെഡൽ. 31 സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും പങ്കെടുത്ത പ്രദർശന വിഭാഗത്തിലാണ് കേരളത്തിന് വെള്ളി മെഡൽ ലഭിച്ചത്. കേരളപ്പിറവിയുടെ 70 വർഷം ആഘോഷിക്കുന്ന വേളയിലാണ് കേരളത്തിന്റെ നേട്ടം.

ഭാരത് മണ്ഡപം ഓഡിറ്റോറിയത്തിൽ നടന്ന സമ്മാനദാനച്ചടങ്ങിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ സബിൻ സമീദ് ഐറ്റിപിഒ ഡയറക്ടർ ജാവേദ് അഷ്റഫിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. ഐപിആർഡി അഡിഷണൽ ഡയറക്ടർ കെ.പി.സരിത, ഡെപ്യൂട്ടി ഡയറക്ടർ സി.എഫ്. ദിലീപ് കുമാർ, ഇൻഫർമേഷൻ ഓഫീസർമാരായ ശ്രീകാന്ത് എം. ഗിരിനാഥ്, പി.ആർ. സാബു, പ്രതീഷ് ഡി. മണി, അസിസ്റ്റന്റ് എഡിറ്റർ രതീഷ് ജോൺ എന്നിവർ സന്നിഹിതരായിരുന്നു.

ഏറെ ജനശ്രദ്ധയാകർഷിച്ച കൊമ്പനാനയുടെ ചലിക്കുന്ന മാതൃക കേരള പവലിയന്റെ പ്രധാന സവിശേഷതയായിരുന്നു. ഇതിനു പുറമേ കേരളത്തിന്റെ തനത് വിഭവങ്ങളും കൈത്തറി, കരകൗശല ഉത്പന്നങ്ങളും സുഗന്ധ വ്യഞ്ജനങ്ങളും പ്രദർശിപ്പിച്ച സ്റ്റാളുകളും പവലിയനിലേക്ക് ആളുകളെ ആകർഷിച്ചു. കുടുംബശ്രീയുടെയും ഫിഷറീസ് വകുപ്പിന് കീഴിലുള്ള സാഫിന്റെയും നേതൃത്വത്തിലുള്ള ഫുഡ് കോർട്ടുകളും സന്ദർശകരുടെ പ്രധാന ആകർഷണമായി. കേരളത്തിന്റെ തനത് പലഹാരങ്ങളും വിഭവങ്ങളും ആസ്വദിക്കാൻ ഇവിടെ വലിയ തിരക്കാണ് അനുഭവപ്പെട്ടത്.

കേരളത്തിന്റേതായി 23 വ്യത്യസ്തമായ സ്റ്റാളുകളാണ് ഒരുക്കിയിരുന്നത്. കൈത്തറി, ടെറാക്കോട്ട കരകൗശല ഉത്പന്നങ്ങൾ, കാപ്പി, തേയില, വെളിച്ചെണ്ണ, കൂൺ കൊണ്ടുള്ള പായസം, സ്മൂത്തി, തേയില, കാപ്പിപ്പൊടി തുടങ്ങിയ ഉത്പന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയായിരുന്നു.



സൊസൈറ്റി ടുഡേ SOCIETY TODAY



# ദേശീയ ക്ഷീരദിനാഘോഷം 2026 സംസ്ഥാനതല ഉദ്ഘാടനം കോട്ടയത്ത് നടന്നു

**കോട്ടയം:** ഇന്ത്യൻ ധവളവിപ്ലവത്തിന്റെ പിതാവായ ഡോ. വർഗീസ് കുര്യന്റെ ജന്മദിനത്തോടനുബന്ധിച്ച് ആചരിക്കുന്ന ദേശീയ ക്ഷീരദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കെ.സി. മാമ്മൻ മാപ്പിള ഹാളിൽവെച്ച് ബഹു. തൊഴിൽ, വനിതശിശുക്ഷേമ, ക്ഷീരവികസനമൃഗസംരക്ഷണ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു. ക്ഷീരമേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനായി സമഗ്ര പദ്ധതികൾ സർക്കാർ ഗൗരവമായി പരിഗണിച്ചു വരികയാണെന്നും, ഈ പദ്ധതികൾ അധികം കാലതാമസമില്ലാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി ഉറപ്പുനൽകി. മിൽമയും സർക്കാരും ക്ഷീരമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളും ഒത്തൊരുമയോടെയും ഐക്യത്തോടെയും പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം മന്ത്രി ചൂണ്ടിക്കാട്ടി. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ക്ഷീരമേഖല നേരിടുന്ന പ്രശ്നങ്ങളിൽനിന്ന് ഈ മേഖലയെ സംരക്ഷിക്കാനും കൂടുതൽ പുരോഗതിയിലേക്ക് നയിക്കാനും സാധിക്കുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

ഡോ. വർഗീസ് കുര്യൻ അനുസ്മരണ സമ്മേളനത്തിൽ മിൽമ ഫെഡറേഷൻ ചെയർപേഴ്സൺ കെ. എസ്. മണി, എറണാകുളം മേഖലാ യൂണിയൻ ചെയർപേഴ്സൺ സി. എൻ. വത്സലൻ പിള്ള, തിരുവനന്തപുരം മേഖലാ യൂണിയൻ ചെയർപേഴ്സൺ മണി വിശ്വനാഥ്, കോട്ടയം മുനിസിപ്പാലിറ്റി ചെയർപേഴ്സൺ, എം. പി. സന്തോഷ്കുമാർ, കോട്ടയം മുനിസിപ്പൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്. ഗോപകുമാർ, ക്ഷീരവികസനമൃഗസംരക്ഷണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ് , ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് എന്നിവർ ആശംസകൾ അർപ്പിച്ചു. മിൽമ എറണാകുളം മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർ വിൽസൺ. ജെ. പുറവാക്കാട്ട് കൃതജ്ഞത പറഞ്ഞു. മിൽമ ഭരണസമിതി അംഗങ്ങൾ, മിൽമക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ക്ഷീര സംഘം പ്രസിഡന്റുമാർ, ക്ഷീരകർഷകർ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ മിൽമ എറണാകുളം മേഖലാ യൂണിയന്റെ പുതിയ ഉൽപ്പന്നങ്ങളായ ചോക്ലേറ്റ് യോഗർട്ട്, സ്ട്രോബെറി യോഗർട്ട്, റെഡ് വെൽവെറ്റ് ഐസ്ക്രീം എന്നിവയുടെ വിപണനോദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു.

# ഹോട്ടൽ ബുക്കിംഗ് സംവിധാനങ്ങൾ വഴി രാജ്യവ്യാപകമായി സൈബർ തട്ടിപ്പ്

## സഞ്ചാരികൾക്കും വ്യവസായ മേഖലയ്ക്കും ജാഗ്രതാ നിർദ്ദേശവുമായി കെടിഎം സൊസൈറ്റി

**കൊച്ചി:** രാജ്യവ്യാപകമായി വിവിധ ബുക്കിംഗ് വെബ് സൈറ്റ്സംവിധാനങ്ങളിൽ നുഴഞ്ഞുകയറി സഞ്ചാരികളിൽ നിന്നും ടൂർ ഓപ്പറേറ്റർമാരിൽ നിന്നും പണം തട്ടുന്ന സംഘങ്ങൾ സജീവമായ സാഹചര്യത്തിൽ കർശന ജാഗ്രതാ നിർദ്ദേശവുമായി കേരള ട്രാവൽ മാർട്ട് (കെടിഎം) സൊസൈറ്റി.

ഹാക്ക് ചെയ്യപ്പെട്ട ബുക്കിംഗ് പ്ലാറ്റ്ഫോമുകൾ വഴി അതിഥികൾക്ക് വ്യാജ സന്ദേശങ്ങളും ഇമെയിലുകളും ഫോൺ കോളുകളും അയച്ച്, അഡ്വാൻസ് തുകയോ മറ്റ് പേയ്മെന്റുകളോ പുതിയ ബാങ്ക് അക്കൗണ്ടുകളിലേക്കോ യുപിഐ ഐഡികളിലേക്കോ കൈമാറാൻ ആവശ്യപ്പെട്ടാണ് തട്ടിപ്പ് നടത്തുന്നത്.

ഇത്തരം സൈബർ തട്ടിപ്പുകൾ സഞ്ചാരികൾക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതിനൊപ്പം സുരക്ഷിത വിനോദസഞ്ചാര കേന്ദ്രമെന്ന കേരളത്തിന്റെ സൽപ്പേരിനും ടൂറിസം മേഖലയുടെ വിശ്വാസ്യതയ്ക്കും കനത്ത ആഘാതമാണ് ഏൽപ്പിക്കുന്നത്. അതിനാൽ, ഹോട്ടൽ ബുക്കിംഗുമായി ബന്ധപ്പെട്ട് ഏതെങ്കിലും പുതിയ ബാങ്ക് അക്കൗണ്ടുകളിലേക്കോ പേയ്മെന്റ് ലിങ്കുകളിലേക്കോ പണം കൈമാറുന്നതിന് മുൻപ് ബന്ധപ്പെട്ട ഹോട്ടലിന്റെയോ റിസോർട്ടിന്റെയോ ഔദ്യോഗിക ഫോൺ നമ്പറിൽ നേരിട്ട് വിളിച്ച് വിവരങ്ങൾ ഉറപ്പുവരുത്തണമെന്ന് പൊതുജനങ്ങളോടും ടൂർ ഓപ്പറേറ്റർമാരോടും കെടിഎം സൊസൈറ്റി അഭ്യർത്ഥിച്ചു.

സംസ്ഥാനത്തെ ഹോട്ടൽ, റിസോർട്ട് ഉടമകളും കെടിഎം അംഗങ്ങളും തങ്ങളുടെ ബുക്കിംഗ് എഞ്ചിനുകൾ, ഔദ്യോഗിക ഇമെയിൽ ഐഡികൾ, സോഷ്യൽ മീഡിയ പേജുകൾ എന്നിവയിൽ അസ്വാഭാവികമായ ഇടപെടലുകൾ നടന്നിട്ടുണ്ടോ എന്ന് അടിയന്തരമായി പരിശോധിക്കണം. എല്ലാ അഡ്മിൻ അക്കൗണ്ടുകളുടെയും പാസ്വേഡുകൾ ഉടനടി മാറ്റുകയും സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ടുഫാക്ടർ ഓതന്റിക്കേഷൻ നിർബന്ധമായും പ്രവർത്തനക്ഷമമാക്കുകയും വേണം. തട്ടിപ്പിനിരയാകാതിരിക്കാൻ അതിഥികൾക്ക് മുൻകൂട്ടി ജാഗ്രതാ നിർദ്ദേശം നൽകാനും സ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

ബുക്കിംഗ് സംവിധാനങ്ങളിലെ നുഴഞ്ഞുകയറ്റമോ സമാനമായ സൈബർ തട്ടിപ്പുകളോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ സൈബർ സെല്ലിലും പോലീസിലും പരാതി നൽകുകയും വിവരം കെടിഎം സൊസൈറ്റിയെ അറിയിക്കുകയും വേണം.

വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് തട്ടിപ്പ് തടയുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പുമായും സൈബർ ക്രൈം വിഭാഗവുമായും സുരക്ഷാ ഏജൻസികളുമായും ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും കെടിഎം സൊസൈറ്റി അറിയിച്ചു.



## കുടുംബശ്രീ പതിനാലാമത് ദേശീയ സരസ് മേള: പോസ്റ്റർ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** കുടുംബശ്രീ പതിനാലാമത് ദേശീയ സരസ് മേളയുടെ പോസ്റ്റർ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി പ്രകാശനം ചെയ്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വി വിഗ്നേശ്വരിക്ക് നൽകിയാണ് പോസ്റ്റർ പ്രകാശനം ചെയ്തത്. പബ്ലിക് റിലേഷൻസ് ഓഫീസർ ബി സേതുരാജ്, പ്രോഗ്രാം ഓഫീസർ ലിഷ മോഹൻ എന്നിവർ പങ്കെടുത്തു.

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 22 മുതൽ 31 വരെ മലപ്പുറത്താണ് ദേശീയ സരസ് മേള സംഘടിപ്പിക്കുന്നത്. കേരളം ഉൾപ്പെടെ ഇരുപത്തഞ്ചോളം സംസ്ഥാനങ്ങളിൽ നിന്നുള്ള ഗ്രാമീണ സംരംഭകർ മേളയിൽ പങ്കെടുക്കും.

## എഎംഎം എച്ച്എസ്എസ് ട്രോഫി ബാസ്കറ്റ്ബോൾ; കുന്നംകുളം, കോഴിക്കോട് സ്കൂളുകൾക്ക് കിരീടം



**ഇടയാറന്മുള:** എഎംഎം എച്ച്എസ്എസ് ബാസ്കറ്റ്ബോൾ ഗ്രൗണ്ടിൽ സമാപിച്ച പ്രഥമ എഎംഎം എച്ച്എസ്എസ് ട്രോഫി (2026) അഖില കേരള ഇൻറർസ്കൂൾ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കുന്നംകുളം ഗവ. മോഡൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും പെൺകുട്ടികളുടെ വിഭാഗത്തിൽ കോഴിക്കോട് പ്രോവിഡൻസ് ഹയർ സെക്കൻഡറി സ്കൂളും ജേതാക്കളായി.പെൺകുട്ടികളുടെ ആവേശകരമായ ഫൈനലിൽ പത്തനാപുരം മൗണ്ട് താബോർ എച്ച്എസ്എസിനെ 4322 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് കോഴിക്കോട് പ്രോവിഡൻസ് എച്ച്എസ്എസ് കിരീടം ചൂടിയത്.

19 പോയിൻറ് നേടിയ ക്രിസ്റ്റയും 10 പോയിൻറ് നേടിയ കെ. അക്ഷരയും പ്രോവിഡൻസിനായി മികച്ച പ്രകടനം കാഴ്ചവച്ചു.ആൺകുട്ടികളുടെ കലാശപ്പോരാട്ടത്തിൽ മാന്നാനം സെന്റ് എഫ്രേംസ് എച്ച്എസ്എസിനെ (കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഹോസ്റ്റൽ) 4819 എന്ന സ്കോറിന് തകർത്താണ് കുന്നംകുളം ഗവ. മോഡൽ വിഎച്ച്എസ്എസ് (ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ഡിവിഷൻ) ജേതാക്കളായത്. ജേതാക്കൾക്കായി ആദിൻ 15 പോയിൻറും ഹാറൂൺ മുഹമ്മദ് 13 പോയിൻറും നേടി.

ഇരു വിഭാഗങ്ങളിലെയും ജേതാക്കൾക്ക് 10,000 രൂപ ക്യാഷ് അവാർഡും എവറോളിംഗ് ട്രോഫിയും റണ്ണേഴ്സ് അപ്പിന് 5,000 രൂപയും ട്രോഫിയും സമ്മാനിച്ചു.ആൺകുട്ടികളിൽ ജേതാക്കളായ കുന്നംകുളം ഗവ. മോഡൽ വിഎച്ച്എസ്എസ് വരിശേരിൽ വി.എം. മാത്യു മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും, റണ്ണേഴ്സ് അപ്പായ മാന്നാനം സെൻറ് എഫ്രേംസ് എച്ച്എസ്എസ് ആർ ജയകുമാർ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും സ്വന്തമാക്കി. പെൺകുട്ടികളിൽ കോഴിക്കോട് പ്രോവിഡൻസ് എച്ച്എസ്എസ് ചിറ്റേത്തുതുണ്ടിയിൽ കെ.വി. ഏലിയാമ്മ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, പത്തനാപുരം മൗണ്ട് താബോർ എച്ച്എസ്എസ് തോമസ് പി. തോമസ് പാരഡയിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും ഏറ്റുവാങ്ങി.

സമാപന സമ്മേളനത്തിൽ സ്കൂൾ റവ. നിനു ചാണ്ടി, പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, ഹെഡ്മിസ്ട്രസ് അഞ്ജലിദേവി, പത്തനംതിട്ട ജില്ലാ ബാസ്കറ്റ്ബോൾ അസോസിയേഷൻ പ്രസിഡൻറ് ജോർജ് സക്കറിയ, സെക്രട്ടറി ജോസഫ് ജോൺ എന്നിവർ ചേർന്ന് ട്രോഫികളും മെഡലുകളും വിതരണം ചെയ്തു.

# വെറും 10 ദിവസത്തിനുള്ളിൽ വിളവെടുപ്പ്, ലക്ഷങ്ങൾ വരുമാനം നേടാൻ മൈക്രോഗ്രീൻസ്

ആധുനികമായ പല കൃഷികളും ഇന്ന് പ്രചാരത്തിലുണ്ട്. ഇതിൽ പ്രധാനമാണ് മൈക്രോഗ്രീൻസ്. വീട്ടിലെ സ്ഥലപരിമിതിക്കിടയിലും ആർക്കും നട്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ വിളവെടുക്കാനാകുമെന്നതാണ് ഇവയുടെ പ്രത്യേകത. ശൈത്യകാലത്ത് വളരെ വേഗം വിളവ് തരുന്ന ഇവ മികച്ച വരുമാനമാർഗമാണ്. 7 മുതൽ 12 ദിവസത്തിനിടയിലാണ് ഇവയുടെ ഇല ശേഖരിക്കുന്നത്. ശൈത്യകാലത്ത് വീട്ടിൽ വളർത്താവുന്ന 7 മൈക്രോഗ്രീൻസ് ഇനങ്ങൾ



### റാഡിഷ്

വളരെ വേഗം വളരുന്ന ഒരു വിഭാഗമാണിത്. വൈറ്റമിൻ എ, വൈറ്റമിൻ സി, വൈറ്റമിൻ ഇ എന്നിവയാൽ സമ്പുഷ്ടവും ആന്റിഓക്സിഡന്റുകളായും ഉപയോഗിക്കുന്നവയാണ് ഇവ. തണുപ്പുള്ള കാലാവസ്ഥയാണ് നടാൻ അനുയോജ്യം. ഒരു രാത്രി കൊണ്ട് മുളപ്പൊട്ടി ഇല വരുമെന്നതാണ് പ്രധാന പ്രത്യേകത. വീടിനുള്ളിലെ അന്തരീക്ഷത്തിലും പിടിച്ചു നിൽക്കാനാകും. 10 ദിവസത്തിനുള്ളിൽ വിളവെടുക്കാവുന്ന റാഡിഷ് 2 ഇഞ്ച് ഉയരം വയ്ക്കും. വീട്ടിനുള്ളിൽ ചെറിയ ട്രേയിലാണ് ഇത് കൂടുതലായും കൃഷി ചെയ്യുന്നത്.

### ഉലുവ

നേരിയ കയ്പും സുഗന്ധവുമുള്ള മൈക്രോഗ്രീൻസാണിത്. ശൈത്യകാലമാണ് ഏറ്റവും അനുയോജ്യം. ശരീരത്തിലെ ദഹനപ്രക്രിയയെ സഹായിക്കുകയും രക്തത്തിലെ പഞ്ചസാരയെ നിയന്ത്രണവിധേയമാക്കുന്നതുമാണ് പ്രധാന ദൗത്യം. ശൈത്യകാലത്തെ ആരോഗ്യത്തെ സംരക്ഷിക്കാനും ഇവ സഹായിക്കുന്നു. മിതമായ താപനിലയിൽ വീടിനുള്ളിൽ തന്നെ നട്ട് വിളവെടുക്കാം. സൂര്യപ്രകാശം വളരെ കുറച്ച് മാത്രമേ ആവശ്യമുള്ളൂ. 10 ദിവസത്തിനുള്ളിലാണ് വിളവെടുക്കുന്നത്. തണ്ട് മണ്ണ് നിരപ്പിൽ വച്ചാണ് സാധാരണയായി മുറിക്കുന്നത്.

### കടുക്

എരിവുചേർന്ന പ്രത്യേക രുചിയാണ് കടുകിനുള്ളത്. ഫൈറ്റോന്യൂട്രിയന്റുകളും ഗ്ലൂക്കോസിനോലേറ്റുകളും വൈറ്റമിനുകളും അടങ്ങിയ ഇവ ധാതുക്കളുടെ കലവറയാണ്. പ്രതിരോധ ശേഷി വർധിക്കാൻ സഹായിക്കുന്ന കടുകിന് പ്രത്യേക പരിചരണം ആവശ്യമില്ല. തുടക്കക്കാർക്ക് പരീക്ഷണാർഥത്തിൽ ചെയ്യാൻ പറ്റുന്ന വിഭാഗമാണിത്. ഇലകൾ പൂർണമായി വിടർന്ന് പച്ചനിറത്തിലെത്തുമ്പോൾ വിളവെടുക്കാം.

### ബ്രോക്കോളി

പോഷകസമൃദ്ധമായ മൈക്രോഗ്രീൻസ് ഏതെന്ന ചോദ്യത്തിന്റെ ഉത്തരമാണ് ബ്രോക്കോളി. ശരീരത്തിലെ വീക്കം കുറയ്ക്കുന്നതിന് സഹായിക്കുന്ന ആന്റി ഓക്സിഡന്റുകൾ അടങ്ങിയ ഇവ നനവുള്ള പേപ്പറിലും വിളയിക്കാം. വീടിനുള്ളിൽ ട്രേകളിലോ ജാറിലോ നടുന്നതാണ് ഉചിതം. ഇലകൾ പൂർണമായും വിടരുമ്പോൾ വിളവെടുക്കാം.

### കേൽ

ഇരുമ്പ്, കാൽസ്യം തുടങ്ങി നിരവധി പോഷകങ്ങളടങ്ങിയ വിഭാഗമാണിത്. 12 ദിവസത്തിനുള്ളിൽ വിളവെടുക്കാം. ചർമത്തിന്റെ ആരോഗ്യം നിലനിർത്താനും ശരീരത്തിന്റെ ക്ഷീണം കുറയ്ക്കാനും സഹായിക്കുന്നു. തണുപ്പ് കാലമാണ് നടാൻ അനുയോജ്യം. പ്രത്യേക പരിചരണമൊന്നും ആവശ്യമില്ലാത്ത കേൽ തണ്ടുകൾ ചേർത്താണ് മുറിച്ച് എടുക്കുന്നത്.

### റോക്കറ്റ്

കുരുമുളകിന്റെ എരിവും നേരിയ സുഗന്ധവും ചേർന്ന ഇവയ്ക്ക് ഏറെ ആരാധകരാണ് ഉള്ളത്. ബർഗർ, സാൻവിച്ച് തുടങ്ങിയ വിഭവങ്ങളിലാണ് കൂടുതലായും ഉപയോഗിക്കുന്നത്. കരോട്ടിനോയിഡുകളും ഫോളേറ്റും അടങ്ങിയ ഇവയ്ക്ക് ശൈത്യകാലമാണ് അനുയോജ്യം. തണ്ടുകൾ അമിതമായ നീളം വയ്ക്കുന്നതിന് മുൻപ് വിളവെടുക്കുന്നതാണ് ഉചിതം.

### കാബേജ്

രണ്ട് നിറങ്ങളിലുള്ള മൈക്രോഗ്രീൻസാണ് കാബേജ്. ചുവപ്പ്, പച്ച നിറങ്ങളിലാണുള്ളത്. പോഷകങ്ങൾ ധാരാളം അടങ്ങിയ ഇവ ശരീരത്തിന്റെ ആരോഗ്യം നിലനിർത്താൻ സഹായിക്കുന്നു. നല്ല നിറത്തിലും വലുപ്പത്തിലും ലഭിക്കുന്ന ഇവ രുചികരമാണ്.

# തേനീച്ച കർഷകർക്ക് ഭീഷണിയായി ചെറുകൂട് വണ്ട് വ്യാപനം

കേരളത്തിലെ ചെറുകിട തേനീച്ച കർഷകർക്ക് വൻ ഭീഷണിയായി അധിനിവേശ കീടം ചെറുകൂട് വണ്ട് അതിവേഗം വ്യാപിക്കുന്നു. സഹാറയ്ക്ക് തെക്ക് ആഫ്രിക്കൻ പ്രദേശങ്ങളിൽ നിന്നെത്തിയ ഈ അധിനിവേശ കീടം അത്യന്ത്യം വിനാശകാരിയാണ്.

തേനീച്ച കോളനികളെ അതിവേഗം തകർക്കും. എഥിനാ ടുമിഡാ മുറെയ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ കീടം തിരുവനന്തപുരം വെള്ളായണി കാർഷിക കോളജിലെ തേനീച്ച പരാഗണ ഗവേഷണ ക്രേന്ദ മേധാവിയായിരുന്ന പ്രഫസർ ഡോ. കെ.എസ്. പ്രമീള 2016 കേരളത്തിൽ വയനാടിലെ ചെറുതേനീച്ച കോളനികളിൽ കണ്ടെത്തിയിരുന്നു. കോളനിക് ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങളെ കുറിച്ച് കർഷകർക്ക് അന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. 10 വർഷങ്ങൾക്ക് ശേഷം ഇപ്പോൾ ഈ മാരക കീടം കേരളത്തിലെ ഇന്ത്യൻ തേനീച്ച കോളനികളെ ഉന്മൂലനം ചെയ്യാൻ ശേഷിയുള്ള ആക്രമണകാരിയായി മാറിയിരിക്കുകയാണ്.

തേനീച്ചകളെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഒരു പ്രധാന പരാദ കീടമാണ് ഇംഗ്ലീഷിൽ സ്മാൾ ഹൈവ് ബീറ്റിൽ എന്നറിയപ്പെടുന്ന ചെറുകൂട് വണ്ട്. ഈ കീടം തേനീച്ചകളുടെ ആഹാരവും തേനീച്ചക്കൂടുകളിലെ വിഭവങ്ങളും അപഹരിച്ച് അതിവേഗം കോളനികളെ നശിപ്പിക്കും.



ആഫ്രിക്കയിൽ നിന്നും അതിവേഗം ലോകമെമ്പാടും വ്യാപിച്ച ഈ കീടം ഇറ്റാലിയൻ തേനീച്ചകൾക്ക് (ഏപ്പിസ് മെല്ലിഫെറ) വ്യാപകമായ നഷ്ടമുണ്ടാക്കിയതായി റിപ്പോർട്ടുകളുണ്ട്. ഇന്ത്യയിൽ 2022ൽ പശ്ചിമ ബംഗാളിലെ തേനീച്ച കോളനികളിൽ ഈ കീടം ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കി.

തുടർന്ന് ബീഹാർ, ആസാം, ഉത്തർപ്രദേശ്, ആന്ധ്രപ്രദേശ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലേക്കും കീടം അതിവേഗം വ്യാപിച്ചു. മലപ്പുറം, തൃശൂർ, പാലക്കാട് ജില്ലകളിലാണ് ആക്രമണം കൂടുതൽ. മറ്റ് ജില്ലകളിലേക്കും അതിവേഗം പടരാനുള്ള സാധ്യത നിലനിൽക്കുന്നു. ആഫ്രിക്കയിലെ സഹാറയ്ക്ക് തെക്കുള്ള പ്രദേശത്താണ് ഈ വണ്ടിനെ 2004ൽ ആദ്യമായി കണ്ടെത്തിയത്. അതിനുശേഷം വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ചു.

2026ൽ നടത്തിയ പഠനം സൂചിപ്പിക്കുന്നത് ബംഗ്ലാദേശിൽ നിന്ന് ഇന്ത്യയിലേക്ക് ഈ വണ്ട് പ്രവേശിക്കുകയും ദേശാടനം തേനീച്ച വളർത്തൽ മുഖേന ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു എന്നാണ് നിഗമനം. ആദ്യ ഘട്ടത്തിൽതന്നെ നിയന്ത്രണ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഈ കീടം തേനീച്ച കോളനികളെ പൂർണമായി നശിപ്പിക്കുകയോ, തേനീച്ചകൾ കൂടുവിട്ട് കൂട്ടത്തോടെ മറ്റൊരിടത്തേക്ക് പോകുകയോ ചെയ്യുന്നതിന് കാരണമാവും.

കീടബാധ കണ്ടെത്തിയാൽ സംസ്ഥാനത്തെ തേനീച്ച വളർത്തൽ മേഖലയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും കീട ബാധിത പ്രദേശങ്ങളിൽ ക്വാറന്റൈൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. കർഷകർ കൂടിന്റെ വിള്ളലുകളും വിടവുകളും അടയ്ക്കണം.

സൊസൈറ്റി ടുഡേ
SOCIETY TODAY



# എസ്പാനിയോ ഇവന്റ്സ് ടൂത്ത്കെയർ മിസിസ് കേരള 2026 ഗ്രാൻഡ് ഫിനാലെ ഇന്ന്

**കൊച്ചി:** എസ്പാനിയോ ഇവന്റ്സ് ടൂത്ത്കെയർ മിസിസ് കേരള 2026ന്റെ എട്ടാം പതിപ്പിന്റെ ഗ്രാൻഡ് ഫിനാലെ ഇന്ന് കളമശ്ശേരിയിലെ എസ് ഡി സ് കേപ്സിൽ നടക്കും. കേരളത്തിലെയും കേരളത്തിൽ വേരുകളുള്ളവരുമായ വിവാഹിതരായ വനിതകൾക്കായി, തൊഴിൽ ഭേദമില്ലാതെ, പ്രത്യേകം ഒരുക്കിയ സൗന്ദര്യ മത്സരമാണ് മിസിസ് കേരള.

കിരീടത്തിലേക്കുള്ള യാത്രയിൽ മത്സരാർത്ഥികളുടെ കഴിവും ബുദ്ധിയും ആത്മവിശ്വാസവും വിലയിരുത്തുന്ന ബൗദ്ധിക, സൗന്ദര്യ, ഫാഷൻ റൗണ്ടുകൾ ഉണ്ടാകും.

വിവിധ സ്ഥലങ്ങളിൽ നടന്ന ഓഡിഷനുകളിലൂടെ 3000ലധികം അപേക്ഷകരിൽ നിന്ന് 45 ഫൈനലിസ്റ്റുകളെയാണ് തിരഞ്ഞെടുത്തത്. ഫിനാലെയ്ക്ക് മുന്നോടിയായി നവംബർ 26, 27 തീയതികളിൽ കൊച്ചിയിലെ വേദാന്തയിൽ മത്സരാർത്ഥികൾക്കായി രണ്ട് ദിവസത്തെ ഗ്രൂമിങ് പരിപാടിയും പ്രാഥമിക റൗണ്ടുകളും നടന്നു.

ഗ്രാൻഡ് ഫിനാലെയിൽ മൂന്ന് റൗണ്ടുകളാണ് ഉണ്ടാവുക. പരമ്പരാഗത നെയ്ത്തുകാർക്കുള്ള പിന്തുണയാണ് ഈ മത്സരത്തിന്റെ പ്രധാന ആകർഷണങ്ങളിൽ ഒന്ന്. ഇൻട്രൊഡക്ഷൻ റൗണ്ടിൽ എല്ലാ മത്സരാർത്ഥികളും കൈത്തറി സാരിയണിഞ്ഞാണ് എത്തുക. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മിസിസ് കേരള വലിയ പ്രാധാന്യം നൽകുന്നു. ഈ യാത്രയുടെ ഭാഗമായി എല്ലാ മത്സരാർത്ഥികളും സാമൂഹിക സേവന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

സിനിമ, ഫാഷൻ, പരസ്യം എന്നീ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ അടങ്ങുന്നതാണ് വിധികർത്താക്കളുടെ പാനൽ. മനോഹരമായ കലാപരിപാടികൾ ചടങ്ങിന് കൂടുതൽ മാറ്റേകും.

ഷോബിസ് രംഗത്തെ മുൻനിര സ്ഥാപനമായ എസ്പാനിയോ ഇവന്റ്സ്, മാർക്കറ്റിങ് പാർട്ണറായ ബ്ലാക്ക് ആൻഡ് വൈറ്റ് ക്രിയേഷൻസുമായി ചേർന്നാണ് മത്സരം സംഘടിപ്പിക്കുന്നത്. എസ്പാനിയോ ഇവന്റ്സ് ചെയർമാനും മാനേജിങ് ഡയറക്ടറും ഷോ ഡയറക്ടറുമായ അൻവർ എ ടി, മിസിസ് കേരള ബ്രാൻഡ് അംബാസഡറും 2017 ടൈറ്റിൽ വിന്നറുമായ സജിനാസ് സലീം, ഫാഷൻ കോറിയോഗ്രാഫർ ഡാലു കൃഷ്ണദാസ് എന്നിവരാണ് മിസിസ് കേരള 2026ന് നേതൃത്വം നൽകുന്നത്.




# കൊച്ചിയിൽ സാന്നിധ്യം ശക്തമാക്കി കോസ്മോ പി.പി.എഫ്

## അഞ്ച് പ്രാദേശിക ഓട്ടോമൊബൈൽ ഡീറ്റെയിലിങ് സ്റ്റുഡിയോകളുമായി പങ്കാളിത്തം

**കൊച്ചി:** പെയിന്റ് പ്രൊട്ടക്ഷൻ ഫിലിമുകൾ (പി.പി.എഫ്), ഓട്ടോമൊബൈൽ വിൻഡോ ഫിലിമുകൾ, കോസ്മോ ഗാർഡ് ഉൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെയുള്ള സേവനങ്ങളുമായ കൊച്ചിയിലെ സാന്നിധ്യം ശക്തമാക്കി കോസ്മോ പിപിഎഫ്. നഗരത്തിലെ അഞ്ച് ഓട്ടോമൊബൈൽ ഡീറ്റെയിലിങ് കേന്ദ്രങ്ങളിലാണ് കോസ്മോയുടെ ഉത്പ്പന്നങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

വാഹനങ്ങളെ ചെറിയ പോറലുകളിൽ നിന്നും കാലാവസ്ഥാ മൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നും സംരക്ഷിക്കുന്നതിനായുള്ളതാണ് കോസ്മോ പി.പി.എഫിന്റെ പ്ലാറ്റിനം, ഗോൾഡ് ശ്രേണികളിലെ വിവിധ ഉൽപ്പന്നങ്ങൾ. കൂൾമാക്സ്, ഡിഫൻഡർ, മാക്സ്ടോൺ കൂടാതെ പുതുതായി അവതരിപ്പിച്ച കാർബോമാക്സും ഉൾപ്പെടുന്നതാണ് കോസ്മോ ഓട്ടോമൊബൈൽ വിൻഡോ ഫിലിമുകൾ. ഇതു കൂടാതെ കോസ്മോ ഗാർഡിന്റെ നാനോ സെറാമിക് കോട്ടിങ്, റബ്ബിങ് കോമ്പൗണ്ട്, പോളിഷിങ് കോമ്പൗണ്ട് തുടങ്ങിയ ഉൽപ്പന്നങ്ങളും ലഭ്യമാണ്. നഗരത്തിലെ കൂടുതൽ കാർ ഡീറ്റെയിലിംഗ് കേന്ദ്രങ്ങളിലും ഉടൻ കോസ്മോയുടെ ഉൽപ്പന്നങ്ങൾ ലഭ്യമാക്കും.

# അകാല പ്രസവത്തിന് ശേഷം ഗർഭധാരണത്തിന് വിദഗ്ധ ഉപദേശം അനിവാര്യം

**കൊച്ചി:** ഗർഭധാരണത്തിന്റെ മുപ്പത്തിയേഴ് പൂർണ്ണ ആഴ്ചകൾ തികയുന്നതിന് മുമ്പ് കുഞ്ഞ് ജനിക്കുന്ന അവസ്ഥയാണ് അകാല പ്രസവം. കേരളത്തിൽ 20232024 കാലയളവിൽ 26968 അകാല നവജാത ശിശുക്കൾ ജനിച്ചതായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ എച്ച്എംഐഎസ് കണക്കുകൾ വ്യക്തമാക്കുന്നു, ഇത് റിപ്പോർട്ട് ചെയ്യപ്പെട്ട ആകെ ജീവജാത ജനനങ്ങളുടെ ഏഴ് ദശാംശം രണ്ട് ഒന്ന് ശതമാനമാണ്. എന്നാൽ മുപ്പത്തിരണ്ട് ആഴ്ചയിൽ പ്രസവിക്കേണ്ടി വരുന്നത് പല സാഹചര്യങ്ങളിലാകാം; ഒരാൾക്ക് സ്വാഭാവികമായി പ്രസവവേദന ആരംഭിക്കുമ്പോഴും മറ്റൊരാൾക്ക് ഉയർന്ന രക്തസമ്മർദ്ദം, പ്രീഎക്ലാംപ്സിയ, പ്ലാസന്റ സംബന്ധമായ പ്രശ്നങ്ങൾ അല്ലെങ്കിൽ കുഞ്ഞിന്റെ വളർച്ചക്കുറവ് എന്നിവ കാരണം നേരത്തേ പ്രസവിക്കാൻ ഡോക്ടർ നിർദേശിക്കുമ്പോഴും അകാല പ്രസവമാണ് സംഭവിക്കുന്നത്. വീണ്ടും ഗർഭധാരണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഈ വ്യത്യാസം മനസ്സിലാക്കേണ്ടത് പ്രധാനമാണ്, കാരണം മുമ്പ് അകാല പ്രസവം ഉണ്ടായിട്ടുണ്ടെങ്കിൽ വീണ്ടും അങ്ങനെ സംഭവിക്കാനുള്ള സാധ്യത വർധിക്കുമെങ്കിലും അടുത്ത ഗർഭധാരണത്തിന്റെ ഫലം മുൻകാല സാഹചര്യത്തെയും ആരോഗ്യസ്ഥിതിയെയും ആശ്രയിച്ചിരിക്കും.

വീണ്ടും ഗർഭധാരണത്തിന് ശ്രമിക്കുന്നതിന് മുമ്പ് തന്നെ ദമ്പതികൾ ഡോക്ടറുമായി വിശദമായ കൂടിയാലോചന നടത്തേണ്ടതാണ്. മുൻ ഗർഭധാരണത്തിൽ പ്രസവം നടന്ന ആഴ്ച, ഉണ്ടായ സങ്കീർണതകൾ, ലഭിച്ച ചികിത്സ, അമ്മയുടെ ശാരീരിക ആരോഗ്യവീണ്ടെടുക്കൽ, രണ്ട് ഗർഭധാരണങ്ങൾക്കിടയിലെ ഇടവേള എന്നിവയെല്ലാം അടുത്ത ഗർഭധാരണത്തിന്റെ ആസൂത്രണത്തെ ബാധിക്കും. കൂടാതെ ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, തൈറോയ്ഡ് സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ നിലവിലുള്ള ആരോഗ്യപ്രശ്നങ്ങൾ മുൻകൂട്ടി പരിശോധിച്ച് ഉചിതമായ ചികിത്സയിലൂടെ നിയന്ത്രിക്കേണ്ടതുണ്ട്.

സ്വാഭാവികമായി ആരംഭിച്ച അകാല പ്രസവവേദനയായിരുന്നു കാരണമെങ്കിൽ അടുത്ത ഗർഭധാരണത്തിൽ ഗർഭാശയമുഖത്തിന്റെ നീളം കൂടുതൽ ശ്രദ്ധയോടെ നിരീക്ഷിക്കാൻ ഡോക്ടർ നിർദേശിച്ചേക്കാം, കൂടാതെ മുൻകാല ആരോഗ്യചരിത്രവും പരിശോധനാഫലങ്ങളും അനുസരിച്ച് ചില സാഹചര്യങ്ങളിൽ പ്രോജസ്റ്ററോൺ ചികിത്സയോ ഗർഭാശയമുഖത്ത് തുന്നൽ ഇടുന്ന ചികിത്സയോ പരിഗണിക്കാവുന്നതാണ്. വൈദ്യപരമായ കാരണങ്ങളാൽ നേരത്തേ പ്രസവിക്കേണ്ടിവന്ന സാഹചര്യത്തിലാകട്ടെ, ആ തീരുമാനത്തിന് കാരണമായ ആരോഗ്യപ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ നിരീക്ഷണവും പരിശോധനകളും മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിനുമായിരിക്കും പ്രാധാന്യം നൽകുന്നത്. കോഴിക്കോട് ഉൾപ്പെടെ വീണ്ടും ഗർഭധാരണത്തിന് ആലോചിക്കുന്ന ദമ്പതികൾ ശ്രമം ആരംഭിക്കുന്നതിന് മുമ്പ് വിദഗ്ധ ഡോക്ടറുമായോ ഫെർട്ടിലിറ്റി സ്പെഷ്യലിസ്റ്റുമായോ തങ്ങളുടെ പ്രത്യുൽപാദന ആരോഗ്യത്തെക്കുറിച്ചും മുൻകാല മെഡിക്കൽ ചരിത്രത്തെക്കുറിച്ചും ചർച്ച ചെയ്ത് കൃത്യമായ മാർഗനിർദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

# പുതിയ ഹിപ്ഹോപ്പ് പ്രതിഭകൾക്ക് വേദിയൊരുക്കി റെഡ് ചീഫ്

**കൊച്ചി:** ഇന്ത്യയിലെ വളർന്നുവരുന്ന ഡെസി ഹിപ്ഹോപ്പ് പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി റെഡ് ചീഫ് 'നോ ഷോർട്ട്കട്ട്സ് സൈഫർ' എന്ന പുതിയ സംരംഭത്തിന് തുടക്കമിട്ടു. മത്സരവും മെന്റർഷിപ്പും ക്യാഷ് പ്രൈസും ലൈവ് പെർഫോമൻസ് അവസരങ്ങളും ഉൾപ്പെടുന്ന പരിപാടി ഠൃശയലഢശയല ഋല്യേമേശിലിറ്റുമായി സഹകരിച്ചാണ് സംഘടിപ്പിക്കുന്നത്. ആദ്യ സീസണിൽ റാഗ, എംസീ ബെല്ല, സെസ് എന്നിവർ മെന്റർമാരായി പങ്കെടുക്കും. 2027 ജനുവരിയിൽ ഗുരുഗ്രാമിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ 16 മത്സരാർഥികൾ പങ്കെടുക്കും. വിജയിക്ക് അഞ്ച് ലക്ഷം രൂപയും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപ വീതവും സമ്മാനമായി ലഭിക്കും. www.redchief.in വഴി 60 സെക്കൻഡ് ദൈർഘ്യമുള്ള ഒറിജിനൽ റാപ്പ് വീഡിയോ സമർപ്പിച്ച് മത്സരത്തിൽ രജിസ്റ്റർ ചെയ്യാം.

സൊസൈറ്റി ടുഡേ SOCIETY TODAY




കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസം നീണ്ടുനിൽക്കുന്ന 'തുഷാർ' മെഗാ ടൂറിസം ബി2ബി മീറ്റിന്റെ അഞ്ചാമത് എഡിഷന്റെ ഉദ്ഘാടനം സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി പി.സി.വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യുന്നു. മനോജ് എം. വിജയൻ, ഓസ്റ്റിൻ ബെന്നൻ, സ്നോജ് മച്ചിങ്ങൽ, ഡെന്നി ജോസ്,ഷാജി കല്ലായി, ഷിജോ ജോർജ് കൊച്ചി കോർപ്പറേഷൻ കൗൺസിലർ ദീപ്തി മേരി വർഗീസ് തുടങ്ങിയവർ സമീപം.

# കേരള ടൂറിസത്തിന് വ്യവസായ പദവി ഉടൻ; മന്ത്രി പി.സി.വിഷ്ണുനാഥ്

## 'തുഷാർ' മെഗാ ടൂറിസം ബി2ബി മീറ്റിന് കൊച്ചിയിൽ ഉജ്ജ്വല തുടക്കം

**കൊച്ചി:** കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് വ്യവസായ പദവി നൽകുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായതായും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്നതോടെ ഇത് ഔദ്യോഗികമായി യാഥാർത്ഥ്യമാകുമെന്നും സംസ്ഥാന ടൂറിസം മന്ത്രി പി. സി. വിഷ്ണുനാഥ് അറിയിച്ചു. കേരള ട്രാവൽസ് ട്രാവൽസ് ആൻഡ് ടൂർസ് കൺസോർഷ്യം (കെ.ടി.ടി.സി) കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ സംഘടിപ്പിച്ച രണ്ട് ദിവസം നീണ്ടുനിൽക്കുന്ന 'തുഷാർ' മെഗാ ടൂറിസം ബി2ബി മീറ്റിന്റെ അഞ്ചാമത് എഡിഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യവസായ പദവി ലഭിക്കുന്നതിലൂടെ ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും നിക്ഷേപകർക്ക് കൂടുതൽ ആനുകൂല്യങ്ങളും പിന്തുണയും ഉറപ്പാക്കാനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് എത്തിക്കാനും സാധിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

കോവിഡ് കാലത്ത് ടൂറിസം മേഖലയെ ഉണർത്തുന്നതിനായി ആരംഭിച്ച 'തുഷാർ' മേളയ്ക്ക് അഞ്ചാം എഡിഷനിൽ ആദ്യമായി സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക അംഗീകാരം നൽകിയതായും, വരും വർഷങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതിലും വലിയ പിന്തുണയുണ്ടാകുമെന്നും മന്ത്രി ഉറപ്പുനൽകി. നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഉൾക്കൊള്ളൽ ശേഷി നിറഞ്ഞ സാഹചര്യത്തിൽ പുതിയ ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ആയുർവേദം, മെഡിക്കൽ വാല്യൂ ട്രാവൽ, അഡ്വഞ്ചർ, ഹെറിറ്റേജ്, വെൽനസ് തുടങ്ങി എല്ലാ ടൂറിസം ഉൽപ്പന്നങ്ങളെയും ആഗോളതലത്തിൽ മികച്ച രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനൊപ്പം, ആഗോളതലത്തിൽ ശ്രദ്ധനേടുന്ന 'സ്ലോ ട്രാവൽ' സങ്കൽപ്പത്തിന് ഏറ്റവും അനുയോജ്യമായ ഇടമായി കേരളത്തെ മാറ്റിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. അറബ് ട്രാവൽ മാർക്കറ്റ്, ഐ.ടി.ബി ഏഷ്യ, ലണ്ടൻ വേൾഡ് ട്രാവൽ മാർക്കറ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ കേരളം മികച്ച സാന്നിധ്യം അറിയിച്ചതായും, മൺസൂൺ ടൂറിസത്തിലൂടെ അറബ് സഞ്ചാരികളെ ആകർഷിക്കാൻ സാധിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

ടൂറിസം മേഖലയിലെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി, കഴിഞ്ഞ ദിവസം ഹോട്ടലുകളുടെ ബുക്കിംഗ് സംവിധാനങ്ങളിൽ നുഴഞ്ഞുകയറാൻ ശ്രമിച്ച സൈബർ ആക്രമണത്തെക്കുറിച്ച് വിവരം ലഭിച്ച ഉടൻ തന്നെ ആഭ്യന്തര മന്ത്രിയുമായി ബന്ധപ്പെട്ട് കർശന നടപടി സ്വീകരിച്ചതായി മന്ത്രി അറിയിച്ചു. സൈബർ സുരക്ഷാ ചുമതലയുള്ള ക്രമസമാധാന വിഭാഗം എ.ഡി.ജി.പി പി. വിജയൻ ഐ.പി.എസിന്റെ നേതൃത്വത്തിൽ കേരള പോലീസ് വിഷയം ഗൗരവത്തോടെ ഏറ്റെടുത്ത് പരിഹരിച്ചുവരികയാണെന്നും, ഇത്തരം വെല്ലുവിളികളെ ജാഗ്രതയോടെ നേരിട്ട് ടൂറിസം മേഖലയ്ക്ക് പൂർണ്ണ പിന്തുണ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. പ്രഥമ തുഷാർ സുവനീറിന്റെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.

മുന്നൂറോളം സ്റ്റാളുകളും വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഏഴായിരത്തിലധികം പ്രതിനിധികളും ട്രാവൽ ടൂർ മേഖലയിലെ പ്രമുഖരും പങ്കെടുക്കുന്ന ദ്വിദിന മേളയാണ് 'തുഷാർ'. ഉദ്ഘാടന ചടങ്ങിൽ സംഘാടക സമിതി പ്രസിഡന്റ് മനോജ് എം. വിജയൻ അധ്യക്ഷത വഹിച്ചു.

ഭാരവാഹിയായ ഓസ്റ്റിൻ ബെന്നൻ, സ്നോജ് മച്ചിങ്ങൽ, ഡെന്നി ജോസ്, ഷാജി കല്ലായി, ഷിജോ ജോർജ് എന്നിവരും, കൊച്ചി കോർപ്പറേഷൻ കൗൺസിലർ ദീപ്തി മേരി വർഗീസ് പ്രമുഖ വ്യവസായ പ്രതിനിധികളും ചടങ്ങിൽ പ്രസംഗച്ചു.

ഇന്ന് വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേളനം മുഖ്യ മന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും. സന്തോഷ് ജോർജ് കുളങ്ങര,സുജിത് ഭക്തൻ, ഹാരിസ് അമീറലി തുടങ്ങിയവർ പ്രസംഗിക്കും.

# ആജീവനാന്ത അംഗത്വത്തിന് പ്രത്യേക ഓഫറുമായി റീജ്യണൽ സ്പോർട്സ് സെന്റർ

**കൊച്ചി:** ലോകത്തിലെ ഏറ്റവും മികച്ച കായിക സമുച്ചയങ്ങളിലൊന്ന് എന്ന ഖ്യാതി നേടിയ റീജിയണൽ സ്പോർട്സ് സെന്ററിന്റെ (ആർ എസ് സി) കായിക കുടുംബത്തിന്റെ ഭാഗമാകാൻ പൊതുജനങ്ങൾക്ക് അവസരം ഒരുക്കുന്നു. ന്യൂ ഇയർ ബൊണാൻസ 2027ലൂടെ ലോകോത്തര നിലവാരത്തിലുള്ള കായിക അടിസ്ഥാനസൗകര്യങ്ങളും 35 കായിക ഇനങ്ങൾക്കും കളികൾക്കുമുള്ള സൗകര്യങ്ങളും ലഭ്യമാകുന്നു. ഇതിലൂടെ കുടുംബത്തിന്റെ ആരോഗ്യം, ശാരീരികക്ഷമത, വിനോദം, കായിക അഭിരുചികൾ എന്നിവയ്ക്കായി നിക്ഷേപം നടത്തുന്നതിനുള്ള അവസരമാണ് ലഭ്യമാകുന്നത്. നിലവിലുള്ള എട്ട് ലക്ഷം രൂപയും ജി എസ് ടിയും എന്ന നിരക്കിന് പകരം പ്രത്യേക ലൈഫ് മെമ്പർഷിപ്പ് ഓഫറായി അഞ്ച് ലക്ഷം രൂപയും ജി എസ് ടിയുമാണ് അടക്കേണ്ടത്. 2026 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെയാണ് ഓഫർ കാലയളവ്. കൈമാറ്റം ചെയ്യാവുന്ന കുടുംബ ലൈഫ് മെമ്പർഷിപ്പാണിത്. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിൽ പരിമിതമായി മാത്രമേ അംഗത്വം ലഭ്യമാവുകയുള്ളു. നിലവിലുള്ള അംഗങ്ങളുടെ മക്കൾക്ക് പ്രത്യേക ആനുകൂല്യമായി നിരക്കിന്റെ 50 ശതമാനം മാത്രം നൽകിയാൽ മതിയാകും. അനുകൂലമായ തവണ വ്യവസ്ഥയിലും പണമടയ്ക്കാനാവും. തവണകളായി പണമടയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് അഞ്ചര ലക്ഷവും ജി എസ് ടിയും എന്ന നിരക്കിൽ പരമാവധി 20 സൗകര്യപ്രദമായ പ്രതിമാസ തവണകളായും തുക അടയ്ക്കാനാവും.

# ഉത്സവകാല വാഹന വിൽപ്പനയിൽ റെക്കോർഡ് വളർച്ച; 42 ദിവസത്തിനിടെ വിറ്റത് 55.25 ലക്ഷം വാഹനങ്ങൾ

**ന്യൂദൽഹി:** രാജ്യത്തെ വാഹന റീട്ടെയിൽ വിൽപ്പനയിൽ ഈ വർഷത്തെ ഉത്സവകാലത്ത് റെക്കോർഡ് വളർച്ച. നവരാത്രി മുതൽ ധനതേരസിന് ശേഷമുള്ള 15 ദിവസം വരെയുള്ള 42 ദിവസത്തിനിടെ 55,25,490 വാഹനങ്ങളാണ് രാജ്യത്ത് വിറ്റഴിച്ചത്. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2.21 ശതമാനമാണ് വളർച്ച. 2024ലെ ഉത്സവകാലത്തെ അപേക്ഷിച്ച് വിൽപ്പനയിൽ 23.95 ശതമാനം വർധനയുണ്ടായി. ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ) പുറത്തുവിട്ട കണക്കുകളിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

ഇരുചക്ര വാഹന വിൽപ്പനയിൽ 3.67 ശതമാനവും, മുച്ചക്ര വാഹനങ്ങളിൽ 5.32 ശതമാനവും വാണിജ്യ വാഹനങ്ങളിൽ 7.13 ശതമാനവും ട്രാക്ടറുകളിൽ 2.24 ശതമാനവും വളർച്ച രേഖപ്പെടുത്തി. വീൽഡ് കൺസ്ട്രക്ഷൻ ഉപകരണങ്ങളുടെ വിൽപ്പനയിൽ 26.06 ശതമാനമാണ് വർധന. അതേസമയം, പാസഞ്ചർ വാഹന വിൽപ്പന കഴിഞ്ഞ വർഷത്തെ ഉത്സവകാലത്തെ അപേക്ഷിച്ച് 7.16 ശതമാനം കുറഞ്ഞു. എന്നാൽ 2024ലെ ഉത്സവകാലവുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിഭാഗത്തിൽ 16.43 ശതമാനം വളർച്ചയുണ്ട്.

ഇലക്ട്രിക് വാഹന വിപണിയാണ് ഇത്തവണ ശ്രദ്ധേയമായ മുന്നേറ്റം നടത്തിയത്. ഉത്സവകാലത്ത് 5,09,667 ഇലക്ട്രിക് വാഹനങ്ങൾ വിറ്റഴിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 52.62 ശതമാനമാണ് വർധന. ഇലക്ട്രിക് ഇരുചക്ര വാഹന വിൽപ്പന 61.10 ശതമാനവും ഇലക്ട്രിക് പാസഞ്ചർ വാഹന വിൽപ്പന 72.91 ശതമാനവും ഉയർന്നു. ഇലക്ട്രിക് വാണിജ്യ വാഹന വിൽപ്പനയിൽ 154.56 ശതമാനം വളർച്ചയുണ്ടായി. ഉത്സവകാലത്ത് വിറ്റഴിച്ച പത്ത് വാഹനങ്ങളിൽ ഒന്ന് ഇലക്ട്രിക് വാഹനമായിരുന്നുവെന്നും ഫാഡ അറിയിച്ചു.

2026ലെ ഉത്സവകാല വാഹന വിൽപ്പന രാജ്യത്തെ വാഹന വിപണിയുടെ ശക്തമായ തിരിച്ചുവരവാണ് സൂചിപ്പിക്കുന്നതെന്ന് ഫാഡ പ്രസിഡന്റ് സായ് ഗിരിധർ പറഞ്ഞു. ജിഎസ്ടി 2.0 പരിഷ്കാരങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ വാഹനങ്ങളുടെ താങ്ങാനാവുന്ന വില മെച്ചപ്പെടുത്തുകയും ഉപഭോക്തൃ ആവശ്യകത വർധിപ്പിക്കുകയും ചെയ്തതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

# ഐ.എം.എ കൊച്ചി: ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റ് 'തനിമ 2026' നാളെ

**കൊച്ചി:** ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) കൊച്ചി ശാഖ നഗരത്തിലെ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി സംഘടിപ്പിക്കുന്ന ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റിന്റെ അഞ്ചാമത് എഡിഷനായ 'തനിമ 2026' നാളെ (29.11.2026 ഞായറാഴ്ച) രാവിലെ 9:00 മണിക്ക് കൊച്ചി ഐ.എം.എ ഹൗസിൽ നടക്കും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. വിനോദ് പത്മനാഭൻ മേള ഉദ്ഘാടനം ചെയ്യും.

ഡോക്ടർമാരുടെ വിവിധ സംഘടനകൾ, വനിതാ ഡോക്ടർമാരുടെ വിഭാഗം, നഗരത്തിലെ പ്രമുഖ ആശുപത്രികളായ വെൽകെയർ, മെഡിക്കൽ ട്രസ്റ്റ്, എറണാകുളം മെഡിക്കൽ സെന്റർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, റിനൈ മെഡിസിറ്റി, ശ്രീ സുധീന്ദ്ര, ആസ്റ്റർ മെഡ്സിറ്റി, ജില്ലാ ആശുപത്രി ആലുവ, വി.പി.എസ് ലേക്ക്ഷോർ, ലക്ഷ്മി ആശുപത്രി എന്നിവിടങ്ങളിലെ ആയിരത്തിലധികം കലാകാരന്മാരായ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും കുടുംബാംഗങ്ങളും പരിപാടിയിൽ പങ്കെടുക്കുമെന്ന് സെക്രട്ടറി ഡോ. ജോർജ് തുകലൻ, കൾച്ചറൽ കമ്മിറ്റി ചെയർമാൻ ഡോ. എം. വേണുഗോപാൽ എന്നിവർ അറിയിച്ചു.

# ചെറുകിട സംരംഭങ്ങൾക്ക് 20 ലക്ഷം വായ്പകൾ ലഭ്യമാക്കി ഫോൺപേ

**കൊച്ചി:** രാജ്യത്തെ ചെറുകിട സംരംഭങ്ങൾക്ക് 20 ലക്ഷം വായ്പകൾ ലഭ്യമാക്കുന്നതിന് സഹായിച്ചതായി ഫോൺപേ ലെൻഡിങ് അറിയിച്ചു. 2023ൽ മർച്ചന്റ് ലെൻഡിങ് സേവനം ആരംഭിച്ച ശേഷം ബാങ്കുകളുടെയും എൻബിഎഫ്സികളുടെയും പങ്കാളിത്തത്തിലൂടെയാണ് വായ്പകൾ ലഭ്യമാക്കിയത്. രാജ്യത്തെ 97 ശതമാനത്തോളം പിൻകോഡുകളിലേക്ക് സേവനം വ്യാപിപ്പിച്ചിട്ടുണ്ട്.ലഭ്യമാക്കിയ വായ്പകളിൽ 60 ശതമാനത്തിലധികം ടയർ 2 നഗരങ്ങളിലും അതിനപ്പുറമുള്ള പ്രദേശങ്ങളിലുമാണ്. വായ്പ ലഭിച്ച സംരംഭകരിൽ 15 ശതമാനം ആദ്യമായി ക്രെഡിറ്റ് ലഭിക്കുന്നവരാണ്. ഗ്രാമീണ മേഖലകളിലെ ടയർ 5, ടയർ 6 പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നുമായി മൂന്നിലൊന്ന് വായ്പകളും ലഭിച്ചിട്ടുണ്ട്.ഫോൺപേ ഫോർ ബിസിനസ് ആപ്പിലൂടെയും 50,000ത്തിലധികം ഫീൽഡ് ജീവനക്കാരുടെ ശൃംഖലയിലൂടെയും ചെറുകിട സംരംഭകർക്ക് വായ്പാ സേവനങ്ങൾ ലഭ്യമാക്കുന്നതായി കമ്പനി അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com